പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3392 — 14.03.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം<br>ശ്രീ. വി. എസ്. ശിവകുമാർ | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ സിവിൽ സർവ്വീസിന്റെ മധ്യതല സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ യുദ്ധകാലാടിസ്ഥാനത്തിലുള്ള ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 28.12.2016 ൽ ചേർന്ന മന്ത്രിസഭായോഗം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന് തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 04.01.2017 ലെ G.O.(Ms) No.1/2017/ P&ARD പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായി. ഇത് സംബന്ധിച്ച പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കി വരുന്നു. |
| (ബി) കെ.എ.എസ്. രൂപീകരണവുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; നടത്തിയെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടറിമാരുടെ കമ്മിറ്റി ജീവനക്കാരുടെ അഭിപ്രായം ആരായുന്നതിനായി 2016 നവംബർ 17, 18, 19 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. തുടർന്ന് 13.01.2017 ൽ മുഖ്യമന്ത്രി നേരിട്ടും 15.02.2017 ൽ ചീഫ് സെക്രട്ടറിയും സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി.<br>( അനുബന്ധമായി ചേർക്കുന്നു ) |
| (സി) കെ.എ.എസ്.ഉൾപ്പെടെയുള്ള ഭരണ പരിഷ്കാരങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഭരണപരിഷ്കാര കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതിന് മുമ്പ് കെ.എ.എസ്.നടപ്പിലാക്കാൻ തീരുമാനിച്ചതിനുള്ള കാരണം വിശദമാക്കാമോ; | (സി) നാലാമത് ഭരണപരിഷ്കാര കമ്മീഷന്റെ പരിഗണന വിഷയങ്ങളിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉൾപ്പെട്ടിട്ടില്ല<br>ശ്രീ.ഇ.കെ.നായനാർ അദ്ധ്യക്ഷനായിട്ടുള്ള 1997 ലെ 3-ാം ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

(ഡി) കെ.എ.എസ് രൂപവൽക്കരണവുമായി ബന്ധപ്പെട്ട് കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി) ഉണ്ട്.കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുടെ അഭിപ്രായം ആരായുന്നതിനും സെക്രട്ടറിയേറ്റ് സർവ്വീസ് കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനഃസംഘടിപ്പിക്കുന്നതിനു മായി 16.08.2016 ലെ G.O.(Rt) No.322/2016/ P&ARD പ്രകാരം ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതിന്മേൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

സെക്ഷൻ ഓഫീസർ